# റസ്റ്റോറന്റ് കം ടോഡി പാർലർ ആരംഭിക്കുന്നതിന് താല്പര്യപത്രം സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ടുള്ള മാർഗരേഖ

1. കേരളത്തിൽ ബിയർ പാർലറുകൾ തുടങ്ങുന്നതിന് നികുതി വകുപ്പ് വിജ്ഞാപനം ചെയ്തിട്ടുള്ള ടൂറിസം കേന്ദ്രങ്ങളിൽ 4,5 സ്റ്റാർ ക്ലാസിഫിക്കേഷനിലുള്ള റസ്റ്റോറന്റ് കം ടോഡി പാർലറുകൾ തുടങ്ങുന്നതിനാണ് താല്പര്യപത്രം ക്ഷണിച്ചിരിക്കുന്നത്. 4, 5 സ്റ്റാർ ക്ലാസിഫിക്കേഷൻ ഉള്ള റസ്റ്റോറന്റ് കം ടോഡി പാർലറുകൾ നടത്തുന്നവർ ടൂറിസം വകുപ്പ് റസ്റ്റോറന്റുകൾക്ക് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ കൂടാതെ കുറഞ്ഞത് 20 സീറ്റിംഗ് കപ്പാസിറ്റിയുള്ള 400 സ്ക്വയർ ഫീറ്റ് വിസ്തീർണമുള്ള ടോഡി പാർലറും ഉണ്ടായിരിക്കേണ്ടതാണ്. തെങ്ങ് ഉൽപ്പന്നങ്ങൾ പ്രാദേശിക ഉത്പന്നങ്ങൾ എന്നിവയുടെ പ്രദർശനത്തിന് വിൽപ്പനയ്ക്കുമായി കുറഞ്ഞത് 100 sq.ft വിസ്തീർണ്ണമുള്ള സ്ഥല സൗകര്യമുണ്ടാകേണ്ടതാണ്.

2. താല്പര്യപത്രം സമർപ്പിക്കുന്ന വ്യക്തി/സ്ഥാപനത്തിന് ഏത് ടൂറിസം കേന്ദ്രത്തിലാണോ റസ്റ്റോറന്റ് കം ടോഡി പാർലറുകൾ തുടങ്ങുന്നതിന് ആഗ്രഹിക്കുന്നത് അവിടെ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളതോ അല്ലെങ്കിൽ ലീസിന് കണ്ടെത്താൻ കഴിയുന്നവരോ ആയിരിക്കണം.

3. ഒരു വ്യക്തിക്ക്/സ്ഥാപനത്തിന് ഒന്നിൽ കൂടുതൽ ടൂറിസം കേന്ദ്രങ്ങളിൽ റസ്റ്റോറന്റ് കം ടോഡി പാർലറുകൾ തുടങ്ങുന്നതിന് താല്പര്യപത്രം സമർപ്പിക്കാവുന്നതാണ്.

4. റസ്റ്റോറന്റ് കം ടോഡി പാർലറുകൾ തുടങ്ങുന്നതിന് പ്രസ്തുത പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനം, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ആരോഗ്യവകുപ്പ് എന്നിവിടങ്ങളിൽ നിന്ന് നിയമാനുസൃതം നേടേണ്ട അനുമതികളെല്ലാം വാങ്ങിയിരിക്കണം.

5. റസ്റ്റോറന്റ് കം ടോഡി പാർലറുകൾ തുടങ്ങുന്നതിന് ബോർഡ് നിശ്ചയിക്കുന്ന ഒരു രജിസ്ട്രേഷൻ ഫീസും എല്ലാവർഷവും ഒടുക്കേണ്ട ഒരു വാർഷിക ഫീസും ഉണ്ടായിരിക്കുന്നതാണ്.

6. ബോട്ടിലിംഗ് ടെക്നോളജി വികസിപ്പിച്ച് നടപ്പിൽ വരുത്തുന്നതുവരെ പ്രാദേശികമായി തന്നെ സ്ഥാപനത്തിന് ആവശ്യമായ ചെത്ത് തെങ്ങുകൾ കണ്ടെത്തുന്നതിനും ശുദ്ധമായ കള്ള് ഉപഭോക്താക്കൾക്ക് നൽകുവാനും കഴിയേണ്ടതാണ്. [അതിനുള്ള അനുമതി ബോർഡ് ലഭ്യമാക്കുന്നതാണ്].

7. ആദ്യഘട്ടത്തിൽ ആറ് വർഷത്തേക്കുള്ള നടത്തിപ്പ് അനുമതിയാണ് ബോർഡ് നൽകുന്നത്.

8. വിജയകരമായും തൃപ്തികരമായും ആരോപണങ്ങൾക്ക് ഇട നൽകാതെയും റസ്റ്റോറന്റ് കം ടോഡി പാർലറുകൾ നടത്തുന്നവർക്ക് തുടർന്നും അനുമതി ലഭ്യമാക്കുന്നതാണ്. എന്നാൽ ബോർഡ് നിഷ്കർഷിക്കുന്ന നിബന്ധനകൾ പാലിക്കാത്താത്ത സാഹചര്യമുണ്ടായാൽ അനുമതി റദ്ദാക്കുന്നതിനുള്ള അധികാരം ബോർഡിന് ഉണ്ടായിരിക്കുന്നതാണ്.

9. മുൻപ് ഏതെങ്കിലും അബ്കാരി കേസുകളിൽ ശിക്ഷ അനുഭവിച്ചവർക്ക് റസ്റ്റോറന്റ് കം ടോഡി പാർലറുകൾ ആരംഭിക്കുന്നതിന് താല്പര്യപത്രം സമർപ്പിക്കുന്നതിന് അർഹതയില്ല.

10. ഇത്തരത്തിൽ ആരംഭിക്കുന്ന റസ്റ്റോറന്റ് കം ടോഡി പാർലറുകളിൽ ബോട്ടിലിംഗ് ടെക്നോളജി വികസിപ്പിച്ച് കള്ള് സീൽ ചെയ്ത കുപ്പികളിൽ ലഭ്യമാകുന്നത് വരെ താഴ്ന്ന ഊഷ്മാവിൽ സൂക്ഷിക്കുന്ന ശുദ്ധമായ കള്ള് ഉപഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതാണ്.

11. പൂർണമായ താല്പര്യപത്രം ബോർഡിന്റെ പേരിൽ കാനറാ ബാങ്ക് തിരുവനന്തപുരം കന്റോൺമെന്റ് ശാഖയിലുള്ള അക്കൗണ്ടിൽ (അക്കൗണ്ട് നം. 120034720224) 2000 രൂപ ഫീസ് അടച്ച ഒറിജിനൽ രസീത് അല്ലെങ്കിൽ 2000 രൂപയുടെ തിരുവനന്തപുരം കന്റോൺമെന്റ് ശാഖയിൽ മാറാൻ കഴിയുന്ന ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം ബോർഡിന്റെ തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന ആസ്ഥാന ഓഫീസിൽ നേരിട്ടോ രജിസ്റ്റേർഡ് തപാലായോ 30/09/2025 ന് 3.00 PM മുമ്പായി ലഭ്യമാക്കേണ്ടതാണ്. നിർദിഷ്ട ഫീസ് അടവാക്കാത്ത താല്പര്യപത്രങ്ങൾ നിരുപാധികം നിരസിക്കുന്നതാണ്.

KERALA TODDY INDUSTRY DEVELOPMENT BOARD
KTIDB
THIRUVANANTHAPURAM

ANIL KUMAR .G
(PEN: 101680)
Chief Executive Officer (Additional Secretary to Govt)
Kerala Toddy Industry Development Board
Thiruvananthapuram